പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 531 **13-10-2026-ൽ മറുപടിയ്ക്ക്**

<u>കോതമംഗലം മണ്ഡലത്തിലെ വ്യവസായ പുരോഗതി</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ്
മന്ത്രി)

(എ) 2016-2026 കാലയളവിൽ കോതമംഗലം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ ആരംഭിച്ച് പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

<u>മറുപടി:</u> സർക്കാർ വിഭാവനം ചെയ്തിട്ടുള്ള ESS, മാർജിൻ മണി ഗ്രാന്റ് ടു നാനോ, ഒരു കുടുംബം ഒരു സംരംഭം, MSME insurance എന്നീ പദ്ധതികൾ കോതമംഗലം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കോതമംഗലം താലൂക്ക് വ്യവസായ ഓഫീസ് പരിധിയിലെ സംരംഭകർ സമർപ്പിച്ച താഴെ പറയുന്ന വിഭാഗത്തിലുള്ള അപേക്ഷകളിൽ തീരുമാനമെടുത്തിട്ടുണ്ട്.

നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി പദ്ധതി പ്രകാരം 57 പേർക്കും, ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം 124 പേർക്കും, എന്റർപ്രണവർ സപ്പോർട്ട് സ്കീം പ്രകാരം 33 പേർക്കും, എം.എസ്.എം.ഇ ഇൻഷുറൻസ് പദ്ധതി പ്രകാരം 224 പേർക്കും ധനസഹായം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ നടന്നു കൊണ്ടിരിക്കുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ